# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:10.05.2025**

### പ്രധാനവാർത്തകൾ

1. രാജ്യത്തിൻറെ അതിർത്തി മേഖലയിൽ പാകിസ്ഥാൻ പ്രകോപനം തുടരുന്നു. ശക്തമായി തിരിച്ചടിച്ച് ഇന്ത്യ. കനത്ത ജാഗ്രതയിൽ രാജ്യം.
2. സൈനികതാവളങ്ങളും ജനവാസമേഖലകളും ലക്ഷ്യംവെച്ചാണ് പാകിസ്ഥാൻ ഡ്രോണാക്രമണങ്ങൾ നടത്തുന്നതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി.
3. അതിർത്തിയിൽ പാക് സൈനിക വിന്യാസം വർധിച്ചതായും ഏതാക്രമണത്തെയും ഇന്ത്യ ശക്തമായി പ്രതിരോധിക്കുമെന്നും സൈന്യം.
4. സംഘർഷം തുടരുന്ന അതിർത്തി സംസ്ഥാനങ്ങളിലെ മലയാളികൾക്കായി കേരള ഹൗസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജം.
5. കേന്ദ്രസഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി കേരളത്തിലെത്തി. വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് തപാൽ ഓഫിസ് അദ്ദേഹം ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 2

### വിദേശ കാര്യ മന്ത്രാലയം (ഇൻട്രോ)

രാജ്യത്തിൻറെ അതിർത്തി മേഖലയിൽ പാകിസ്ഥാൻറെ ഭാഗത്തുനിന്നും പ്രകോപനം തുടരുകയാണെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി . ഈ നീക്കങ്ങളെ ഇന്ത്യ ശക്തമായി പ്രതിരോധിക്കുന്നുണ്ടെന്ന് വിദേശകാര്യ മന്ത്രാലയവും പ്രതിരോധ മന്ത്രാലയും സംയുക്തമായി നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം വ്യക്തമാക്കി. അതിർത്തി പ്രദേശങ്ങളിൽ ഭിന്നതയുണ്ടാക്കുകയാണ് പാകിസ്ഥാൻറെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്)

രാജ്യത്തിൻറെ പടിഞ്ഞാറൻ അതിർത്തിയിലും നിയന്ത്രണരേഖയ്ക്ക് സമീപവും ഉൾപ്പെടെ 26 ഇടത്ത് പാകിസ്ഥാൻ ഡ്രോൺ - മിസൈൽ ആക്രമണങ്ങൾ നടത്തിയതായി വിങ് കമാൻഡർ വ്യോമിക സിങ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ശ്രീനഗർ, അവന്തിപൂർ, ഉധംപൂർ എന്നിവിടങ്ങളിൽ മെഡിക്കൽ കെയർ സെൻററർ, സ്കൂളുകൾ തുടങ്ങി ജനവാസമേഖലകൾ ലക്ഷ്യം വച്ചും പാകിസ്ഥാൻ ആക്രമണം നടത്തി. ശ്രീനഗർ, പഞ്ചാബ്, ഗുജറാത്ത് എന്നിവിടങ്ങളിലെ വ്യോമതാവളങ്ങളിലേക്കും പാക് ഡ്രോൺ ആക്രമണം ഉണ്ടായിരുന്നു. എന്നാൽ ഈ ശ്രമങ്ങൾ തകർത്ത ഇന്ത്യൻ സേന ശക്തമായി തിരിച്ചടിച്ചു. പാകിസ്ഥാൻറെ സൈനിക കേന്ദ്രങ്ങൾ, റഡാർ സെൻററുകൾ, ആയുധ ശേഖരണ കേന്ദ്രങ്ങൾ എന്നിവ ലക്ഷ്യം വച്ച് ആക്രമണം നടത്തിയതായും വ്യോമിക സിങ് വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

RNU TVPM

ഹെഡ് ലൈൻ - 3

**സോഫിയ ഖുറേഷി (ഇൻട്രോ)**

പാക് വ്യോമപാത അടയ്ക്കാതെ, യാത്രാ വിമാനങ്ങൾ പറത്തിയ പാകിസ്ഥാൻ, അന്താരാഷ്ട്ര വ്യോമപാത ദുരുപയോഗം ചെയ്യുതായി വാർത്താ സമ്മേളനത്തിൽ സംസാരിച്ച കേണൽ സോഫിയ ഖുറേഷി പറഞ്ഞു. ആക്രമണം സംബന്ധിച്ച വ്യാജ വിവരങ്ങൾ പാകിസ്ഥാൻ സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയാണെന്നും അവർ വ്യക്തമാക്കി. അതിർത്തിയിൽ പാക് സൈനിക വിന്യാസം വർധിച്ചതായും ഏതു ആക്രമണത്തെയും ഇന്ത്യ ശക്തമായി പ്രതിരോധിക്കുമെന്നും കേണൽ സോഫിയ ഖുറേഷി പറഞ്ഞു.

**( വോയിസ്....)**

&&&&&&&&&&&&&&&&&&

ഹെഡ് ലൈൻ - 1

**പാക് - ഡ്രോണുകൾ**

രാജ്യത്തെ അതിർത്തി മേഖലയിൽ പാക് പ്രകോപനം തുടരുന്ന സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ഇന്ത്യ. ജമ്മുവിനടുത്തുള്ള പാകിസ്ഥാൻ പോസ്റ്റുകളും തീവ്രവാദികൾ ട്യൂബ്-ലോഞ്ച് ഡ്രോണുകൾ വിക്ഷേപിച്ചിരുന്ന ലോഞ്ച് പാഡും സൈന്യം തകർത്തു. ഡ്രോണാക്രമണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ രാജസ്ഥാനിലെ ജയ്സാൽമീർ, ഭാട്മീർ, ശ്രീഗംഗാ നഗർ, ഫലോദി എന്നീ അതിർത്തി ജില്ലകളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. ഈ പ്രദേശങ്ങളിലെ മാർക്കറ്റുകൾ ഉൾപ്പെടെ അടയ്ക്കാൻ പ്രാദേശിക ഭരണകൂടം അറിയിപ്പ് നൽകി. ഇന്ന് പുലർച്ചെ 5 മണിയോടെ അമൃത്സറിലെ ഖസാകന്ത് മേഖലയിൽ നിരവധി സായുധ ഡ്രോണുകൾ കണ്ടതായി ഇന്ത്യൻ സേന അറിയിച്ചു. അതേസമയം, ഇന്നലെ രാത്രി ജമ്മു സെക്ടറിലെ അതിർത്തി സുരക്ഷാ പോസ്റ്റുകളിൽ പ്രകോപനമില്ലാതെ പാകിസ്ഥാൻ വെടിവയ്പ്പു നടത്തിയതായി ബിഎസ്എഫ്

PNU TVPM

അറിയിച്ചു. സുരക്ഷാ സേന ശക്തമായി തിരിച്ചടിച്ചതായും പാകിസ്ഥാൻ പോസ്റ്റുകൾക്ക് കനത്ത നാശനഷ്ടം ഉണ്ടായെന്നും ബിഎസ്എഫ് പറഞ്ഞു. അതിർത്തി മേഖലയിൽ താമസിക്കുന്ന ജനങ്ങൾ സുരക്ഷാ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. അത്യാവശ്യഘട്ടങ്ങളിലല്ലാതെ വീടിനുപുറത്ത് ഇറങ്ങരുതെന്ന് മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## റൂബിയോ

ഇന്ത്യാ - പാകിസ്ഥാൻ സംഘർഷവുമായി ബന്ധപ്പെട്ട് യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്ക് റൂബിയോ വിദേശ കാര്യമന്ത്രി എസ്. ജയശങ്കറുമായി ഫോണിൽ സംസാരിച്ചു.

നിലവിലെ സംഘർഷം പരിഹരിക്കുന്നതിനുള്ള ചർച്ചകൾക്ക് അമേരിക്കയുടെ പിന്തുണ അദ്ദേഹം അറിയിച്ചതായി യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെൻറ് വക്താവ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## പിഐബി ഫാക്ട് ചെക്ക്

ഇന്ത്യൻ വ്യോമസേനയിലെ വനിതാ പൈലറ്റിനെ പാകിസ്ഥാൻ പിടിച്ചുവച്ചിരിക്കുന്നതായി പ്രചരിക്കുന്ന വാർത്തകളും വീഡിയോയും തെറ്റാണെന്ന് പിഐബി ഫാക്ട് ചെക്ക് വിഭാഗം സ്ഥിരീകരിച്ചു. ന്യൂഡൽഹി വിമാനത്താവളത്തിൽ മിസൈൽ ആക്രമണം നടന്നതായുള്ള ദൃശ്യങ്ങൾ ഉൾപ്പെടുന്ന വീഡിയോയും വ്യാജമാണെന്ന് ഫാക്ട് ചെക്ക് വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഐഎംഎഫ് ഫേക്ക് ന്യൂസ്

പാകിസ്ഥാൻ വ്യോമസേനയുടെ JF 17 തണ്ടർ ഹൈപ്പർ സോണിക് മിസൈൽ, ആദംപൂരിലുള്ള ഇന്ത്യയുടെ S - 400 പ്രതിരോധ സംവിധാനം തകർത്തെന്ന തരത്തിൽ പാകിസ്ഥാൻ ഔദ്യോഗിക മാധ്യമം റിപ്പോർട്ടു ചെയ്ത വാർത്ത ഇന്ത്യൻ വ്യോമസേന തള്ളി.

&&&&&&&&&&&&&&&&&&

RNU TVPM

## ഹെഡ് ലൈൻ - 4

### മലയാളി വിദ്യാർത്ഥികൾ

സംഘർഷം തുടരുന്ന അതിർത്തി സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും കേരളത്തിലേക്ക് മടങ്ങുന്ന വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി. ജമ്മു, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്ന് എഴുപത്തഞ്ചോളം വിദ്യാർത്ഥികളാണ് എത്തിയത്. അതിർത്തി സംസ്ഥാനങ്ങളിലുള്ള മലയാളികൾക്ക് കേരള ഹൗസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം നമ്പറായ **011 23 74 70 79** ൽ ബന്ധപ്പെടാവുന്നതാണ്.

&&&&&&&&&&&&&&&&&&

### കേരള സർക്കാർ - ഇമെയിൽ

ഇന്ത്യ-പാക്കിസ്ഥാൻ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ, സംഘർഷമേഖലയിൽ കുടുങ്ങിയവർക്ക് സഹായം എത്തിക്കുന്നതിനുള്ള കേരള സർക്കാരിന്റെ കൺട്രോൾ റൂം ഇമെയിൽ വിലാസത്തിൽ മാറ്റം. ഇനി മുതൽ cdmdkerala@kfon.in എന്ന ഇമെയിൽ വിലാസത്തിലാണ് സന്ദേശങ്ങൾ അയക്കേണ്ടത്.

RNUTVPM

&&&&&&&&&&&&&&&&&&

### പഞ്ചാബ് മന്ത്രിസഭ

പഞ്ചാബിന്റെ ആറ് അതിർത്തി ജില്ലകളിൽ വിന്യസിക്കുന്നതിനായി ഡ്രോൺ പ്രതിരോധ സംവിധാനങ്ങൾ വാങ്ങാൻ തീരുമാനിച്ച് പഞ്ചാബ് മന്ത്രിസഭ. ആക്രമണങ്ങളിൽ പരിക്കേറ്റ സാധാരണക്കാരെ 'ഫരിഷ്തെ പദ്ധതി'യിൽ ഉൾപ്പെടുത്തി എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ ഉറപ്പാക്കാൻ തീരുമാനിച്ചതായും മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

### പ്രതിപക്ഷനേതാവ് - മുഖ്യമന്ത്രി

അതിർത്തിയിലെ സംഘർഷ സാഹചര്യം കണക്കിലെടുത്ത് കശ്മീരിലും പഞ്ചാബിലും കുടുങ്ങിക്കിടക്കുന്ന മലയാളി

വിദ്യാർത്ഥികളെ എത്രയും വേഗം നാട്ടിൽ എത്തിക്കുന്നത് സംബന്ധിച്ച് മുഖ്യമന്ത്രിയുമായി ആശയവിനിമയം നടത്തിയതായി പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അടിയന്തിര നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുമായും പ്രതിപക്ഷ നേതാവ് ഫോണിൽ സംസാരിച്ചു.

&&&&&&&&&&&&&&&&&&

## രജൗരി - മരണം

ജമ്മുകശ്മീരിലെ രജൗരിയിൽ ഇന്നലെയുണ്ടായ പാകിസ്ഥാൻ ഷെല്ലാക്രമണത്തിൽ ഒരു സർക്കാർ ഉദ്യോഗസ്ഥൻ മരിച്ചു. ജമ്മുകശ്മീർ അഡ്മിനിസ്ട്രേഷൻ സർവീസിലെ അഡീഷണൽ ഡിസ്ട്രിക്ട് ഡെവലപ്മെൻറ് കമ്മീഷണർ രാജ്കുമാർ താപ്പയാണ് കൊല്ലപ്പെട്ടതെന്ന് മുഖ്യമന്ത്രി ഒമർ അബ്ദുള്ള സമൂഹമാധ്യമത്തിലൂടെ അറിയിച്ചു. താപ്പയുടെ വീട് സ്ഥിതി ചെയ്യുന്ന പ്രദേശത്താണ് ഇന്നലെ രാത്രി ഷെല്ലാക്രമണം ഉണ്ടായത്. സംഭവത്തിൽ ഒമർ അബ്ദുള്ള അതീവ ദുഃഖം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

RNU TVPM

## എ എ ഐ

അതിർത്തി മേഖലയിൽ സംഘർഷം തുടരുന്ന പശ്ചാത്തലത്തിൽ രാജ്യത്തുടനീളമുള്ള 32 വിമാനത്താവളങ്ങൾ ഈ മാസം 15 വരെ താൽക്കാലികമായി അടച്ചിടുമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചു. അമൃത്സർ, ചണ്ഡീഗഢ്, ജമ്മു, ശ്രീനഗർ, ജയ്സാൽമീർ, തുടങ്ങിയ പ്രധാന സ്ഥലങ്ങളിലെ വിമാനത്താവളങ്ങളും ഇതിൽ ഉൾപ്പെടുന്നു. അതേസമയം, ഡൽഹി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ പ്രവർത്തനം സാധാരണ നിലയിൽ ആയതായി അധികൃതർ അറിയിച്ചു. എന്നാൽ വിമാനങ്ങളുടെ സമയക്രമീകരണത്തിൽ മാറ്റം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ യാത്രക്കാർ അതത് എയർലൈൻസുകളുമായി ബന്ധപ്പെടണമെന്നും

വിമാനത്താവളങ്ങളിലെ സുരക്ഷാ നടപടികളുമായി സഹകരിക്കണമെന്നും നിർദേശമുണ്ട്.

&&&&&&&&&&&&&&&&&&

## അന്താരാഷ്ട്ര നാണയ നിധി

പാകിസ്ഥാന് കൂടുതൽ ധനസഹായം അനുവദിക്കുന്നത് പരിഗണിക്കുന്ന അന്താരാഷ്ട്ര നാണയ നിധിയുടെ ബോർഡ് യോഗത്തിലെ വോട്ടെടുപ്പിൽ നിന്ന് ഇന്ത്യ വിട്ടുനിന്നു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കായി പാകിസ്ഥാൻ ധനസഹായ ഫണ്ടുകൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യത സംബന്ധിച്ച് ഇന്ത്യ ആശങ്കകൾ ഉന്നയിച്ചു. ഐ.എം.എഫിൽ നിന്ന് ദീർഘകാലമായി കടം വാങ്ങുന്ന രാജ്യമാണ് പാകിസ്ഥാൻ.

&&&&&&&&&&&&&&&&&&

## സിവിൽ ഡിഫെൻസ് തയ്യാറെടുപ്പുകൾ

അടിയന്തര സാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട സിവിൽ ഡിഫെൻസ് തയ്യാറെടുപ്പുകൾ സംബന്ധിച്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്രം നിർദേശം നൽകി. വ്യോമാക്രമണ സാധ്യത കണക്കിലെടുത്ത് മുന്നറിയിപ്പ് സയറൺ മുഴങ്ങുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലും, നടപടികളും സംബന്ധിച്ച നിർദേശങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി പുറത്തിറക്കി. സൈറൺ കേട്ടാൽ ഉടൻ ഒരാഴ്ചത്തേക്കുള്ള ഭക്ഷണം തയ്യാറാക്കാൻ ആവശ്യമായ പലവ്യഞ്ജനങ്ങൾ, എണ്ണ, ഗ്യാസ് എന്നിവ കരുതുക. വെള്ളവും, ഭക്ഷണവും, അടിസ്ഥാന മരുന്നുകളും അടങ്ങിയ എമർജൻസി

കിറ്റും തയ്യാറാക്കേണ്ടതാണ്. 90 സെക്കൻഡ് നീണ്ട സയറൺ അപകട സൂചനയും 30 സെക്കണ്ടുള്ള സൈറൺ സുരക്ഷിതമാണെന്ന സൂചനയുമാണ്.

&&&&&&&&&&&&&&&&&&

## മാധ്യമ പ്രതിനിധി യോഗം

ദേശീയ സുരക്ഷ സംബന്ധിച്ച വാർത്തകൾ നൽകുന്നതുമായി ബന്ധപ്പെട്ട് വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം മാധ്യമ പ്രതിനിധികളുടെ യോഗം ചേർന്നു. ടെലിവിഷൻ,

PKUTVPM

സമൂഹമാധ്യമങ്ങൾ തുടങ്ങിയവയിലൂടെ പ്രചരിക്കുന്ന വാർത്തകളുടെ വസ്തുത പരിശോധിക്കുന്നതിന് മുൻഗണന നൽകാൻ പ്രതിനിധികൾക്ക് നിർദ്ദേശം നൽകി. കൂടാതെ എല്ലാ മാധ്യമങ്ങളും ലേഖകരിൽ നിന്ന് ലഭിക്കുന്ന ആധികാരിക വാർത്തകൾ, ഫോട്ടോഗ്രാഫുകൾ, വീഡിയോകൾ തുടങ്ങിയവ വാർറൂമിലെ പ്രതിനിധികളുമായി പങ്കിടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ - 5

## ചന്ദ്രശേഖർ പെമ്മസാനി

കേന്ദ്ര ഗ്രാമവികസന സഹമന്ത്രി ചന്ദ്രശേഖർ പെമ്മസാനി കേരളത്തിലെത്തി. വർക്കലയിൽ പുതുതായി നിർമ്മിച്ച സബ് തപാൽ ഓഫീസ് കേന്ദ്രമന്ത്രി ഉദ്ഘാടനം ചെയ്തു.

വൈകിട്ട്, തിരുവനന്തപുരം കനകക്കുന്നിൽ മൻ കി ബാത്ത് ക്വിസ് നാലാം പതിപ്പിലെ വിജയികളെ അനുമോദിക്കുന്ന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## മന്ത്രിസഭാ യോഗം

'ഓപ്പറേഷൻ സിന്ദൂറി'ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായി ഇന്ന് മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന എല്ലാ പരിപാടികളും മറ്റൊരു സമയത്തേക്ക് മാറ്റാൻ ഇന്നലെ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. സംസ്ഥാന - ജില്ലാതലങ്ങളിൽ മുഖ്യമന്ത്രി നേരിട്ട് പങ്കെടുക്കുന്ന 'മുഖാമുഖം' പരിപാടികൾ, 'എന്റെ കേരളം' പ്രദർശന-വിപണന മേളകൾ, കലാപരിപാടികൾ, തുടങ്ങിയവ മാറ്റിവച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പ്രദർശന-വിപണന മേളകൾ നിശ്ചയിച്ച തീയതി വരെ തുടരും.

എന്നാൽ, കലാപരിപാടികൾ ഉണ്ടാവുകയില്ല.

&&&&&&&&&&&&&&&&&&

RNU TVPM

## കണ്ണൂർ വിമാനത്താവളം - പരിശോധന

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ പരിശോധന കർശനമാക്കി. സുരക്ഷാ പരിശോധനയ്ക്ക് പുറമെ സെക്കൻഡറി പോയിൻറ് ലാഡർ ചെക്ക് കൂടി ഏർപ്പെടുത്തിയിട്ടുണ്ട് . വിമാന യാത്രക്കാർ യാത്രയ്ക്ക് മൂന്ന് മണിക്കൂർ മുമ്പ് വിമാനത്താവളത്തിൽ എത്തിച്ചേരണമെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഹജ്ജ് - സംഘം

സംസ്ഥാനത്ത് നിന്നുള്ള ഹജ്ജ് തീർത്ഥാടനത്തിന് തുടക്കമായി. സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന കരിപ്പൂരിൽ നിന്നും യാത്രതിരിച്ച ആദ്യ തീർഥാടകസംഘം ജിദ്ദയിലെത്തി. ഹജ്ജ് തീർത്ഥാടകരുമായി കോഴിക്കോട് നിന്നു മൂന്നും കണ്ണൂരിൽ നിന്നു രണ്ടും വീതം വിമാനങ്ങൾ നാളെ പുറപ്പെടും.

&&&&&&&&&&&&&&&&&&

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്നുള്ള ഈ വർഷത്തെ ഹജ്ജ് യാത്ര നാളെ ആരംഭിക്കും. ഈ മാസം 29 വരെയാണ് യാത്ര ക്രമീകരച്ചിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## സിപിഐ

അതിർത്തിയിൽ സംഘർഷം കനക്കുന്ന പശ്ചാത്തലത്തിൽ സിപിഐയുടെ എല്ലാ പൊതുപരിപാടികളും മാറ്റിവെക്കാൻ നിർദ്ദേശം. മണ്ഡലം, ലോക്കൽ സമ്മേളനങ്ങൾ പ്രതിനിധിസമ്മേളനം മാത്രമായേ നടത്താവൂവെന്നും അവയോട് അനുബന്ധിച്ചുള്ള പ്രകടനങ്ങളും പൊതുസമ്മേളനങ്ങളും

PNU TVPM

മാറ്റിവയ്ക്കണമെന്നും പാർട്ടി ഘടകങ്ങൾക്ക് സംസ്ഥാന കൗൺസിൽ നിർദേശം നൽകി.

&&&&&&&&&&&&&&&&&&

## എം. ബി രാജേഷ് - എക്സൈസ്

സംസ്ഥാനത്ത് ലഹരിക്കെതിരെ എക്സൈസും പോലീസും സമൂഹമാകെയും ചേർന്ന് വലിയ പോരാട്ടം നടത്തുകയാണെന്ന് മന്ത്രി എം.ബി രാജേഷ്. വിവിധ ജില്ലകളിൽ നിയമനം ലഭിച്ച 84 എക്സൈസ് ഇൻസ്പെക്ടർമാരുടെയും 59 സിവിൽ എക്സൈസ് ഓഫീസർമാരുടെയും 14 വനിത സിവിൽ എക്സൈസ് ഓഫീസർമാരുടെയും പാസിങ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു മന്ത്രി.

&&&&&&&&&&&&&&&&&&

## പ്ലസ് വൺ അപേക്ഷകൾ

സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷകൾ ഈ മാസം 14 മുതൽ 20 വരെ ഓൺലൈനായി സമർപ്പിക്കാം. 24ന് ട്രയൽ അലോട്ട്മെന്റ് നടക്കും. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെന്റ്. 10ന് രണ്ടാം അലോട്ട്മെന്റും 16ന് മൂന്നാം അലോട്ടമെന്റും ഉണ്ടായിരിക്കും. ജൂൺ 18ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കാനാണ് തീരുമാനം.

RNUT/PM

&&&&&&&&&&&&&&&&&&

## എസ് എസ് എൽ സി - സേ പരീക്ഷ

SSLC പരീക്ഷയിൽ ഉപരിപഠന യോഗ്യത നേടാത്ത റഗുലർ വിദ്യാർഥികൾക്ക് 'സേ' പരീക്ഷ ഈ മാസം 28 മുതൽ ജൂൺ 2 വരെ നടത്തും. പരമാവധി മൂന്ന് വിഷയങ്ങൾ വരെ എഴുതാം. ജൂൺ അവസാനവാരം ഫലം പ്രഖ്യാപിക്കും. ഉപരിപഠന അർഹത നേടിയവരുടെ സർട്ടിഫിക്കറ്റുകൾ ജൂൺ ആദ്യവാരം മുതൽ ഡിജിലോക്കറിൽ ലഭ്യമാകും.

&&&&&&&&&&&&&&&&&&

## നിപ

മലപ്പുറത്ത് നിപ രോഗബാധിതയുടെ സമ്പർക്ക പട്ടികയിൽപ്പെട്ട ആറ് പേരുടെ പരിശോധനാ ഫലം നെഗറ്റീവായി.

രോഗലക്ഷണങ്ങൾ കാണിച്ചിരുന്ന ആറ് പേരും ഹൈ റിസ്ക് വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്. നിപ സ്ഥിരീകരിച്ച വളാഞ്ചേരി സ്വദേശിയായ നാല്പത്തിരണ്ടുകാരി പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിൽ ഗുരുതരാവസ്ഥയിൽ തുടരുകയാണ്. 12 കുടുംബാംഗങ്ങൾ ഉൾപ്പെടെ 49 പേരാണ് സമ്പർക്കപ്പട്ടികയിലുള്ളത് .

&&&&&&&&&&&&&&&&&&

## ശബരിമല - ബുക്കിംഗ്

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ ശബരിമല സന്ദർശനം റദ്ദാക്കി. പോലീസ് ഇക്കാര്യം ദേവസ്വം ബോർഡിനെ അറിയിച്ചു. ശബരിമലയിൽ ഇടവമാസ പൂജയ്ക്ക് ഈ മാസം 18, 19 തീയതികളിൽ ഭക്തർക്ക് വെർച്വൽ ക്യൂ ബുക്കിങ്ങിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ ഒഴിവാക്കിയതായും ദേവസ്വം ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&&&

## ആലപ്പുഴ - പേവിഷ ബാധ

ആലപ്പുഴയിൽ പേവിഷബാധയേറ്റ് ചികിത്സയിലായിരുന്ന പ്ലസ് വൺ വിദ്യാർഥി മരിച്ചു. തകഴി സ്വദേശി S. സൂരജ് ആണ് മരിച്ചത്, 17 വയസ്സായിരുന്നു.

&&&&&&&&&&&&&&&&&&

## അത്ലറ്റിക് ടീം

ജർമ്മനിയിൽ നടക്കാനിരിക്കുന്ന ലോക സർവകലാശാല ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാനുള്ള ഇന്ത്യൻ സംഘത്തിൽ ഇടം നേടി മലപ്പുറം സ്വദേശി. ഭുവനേശ്വറിൽ നടന്ന അന്തർ സർവകലാശാല അത്ലറ്റിക് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണമെഡൽ നേടിയ രാഹിൽ സക്കീറാണ് ഇന്ത്യൻ സംഘത്തിൽ സ്ഥാനം നേടിയത്.

&&&&&&&&&&&&&&&&&&

RNUTVPM

## ക്രിക്കറ്റ്

ത്രിരാഷ്ട്ര വനിതാ ഏകദിന ക്രിക്കറ്റ് ടൂർണമെന്റ് ഫൈനലിൽ ഇന്ത്യ- ശ്രീലങ്കയെ നേരിടും. നാളെയാണ് മത്സരം.

&&&&&&&&&&&&&&&&&&

## ആഗോള ഉച്ചകോടി - ക്യാൻസർ സർജന്മാർ

സേനാധിപൻ എജ്യുക്കേഷൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ എച്ച്പിബി ആൻഡ് ജിഐ കാൻസർ സർജന്മാരുടെ ആഗോള ഉച്ചകോടി ഇന്നും നാളെയുമായി കോവളത്ത് നടക്കും. ദേശിയ-അന്തർദേശിയതലത്തിലുള്ള കാൻസർ സർജറി വിദഗ്ദ്ധർ ഉച്ചകോടിയിൽ പങ്കെടുക്കും. യു.എസ്.എ, ബ്രസീൽ,മലേഷ്യ, ജപ്പാൻ, ഇറ്റലി, ലണ്ടൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ എച്ച്പിബി ആൻഡ് ജിഐ ക്യാൻസർ സർജറി വിദഗ്ദ്ധന്മാരാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

## സ്വർണ്ണം

സ്വർണ്ണവിലയിൽ വർദ്ധന. ഗ്രാമിന് 30 രൂപ ഉയർന്ന് 9,045 ഉം പവന് 72, 360 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RNU TVPM